"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഷാരോൺ എസ്. ജോൺ, ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) ഫയൽ ചെയ്ത OA No.1052/2023-ന്മേലുള്ള ബഹു:ട്രിബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2761/2023/H&FWD തീയതി,തിരുവനന്തപുരം, 21-10-2023

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ഷാരോൺ എസ്. ജോൺ, ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 20.06.2023 തീയതിയായ അപ്പീൽ (Annexure A11)
3. OA No.1052/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഷാരോൺ എസ്. ജോൺ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രിബ്യൂണൽ മുമ്പാകെ OA No.1052/2023 ഫയൽ ചെയ്യുകയും ഉണ്ടായി. 21.06.2023-ലെ ഉത്തരവ് പ്രകാരം പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രിബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപ്പീലിലെ അപേക്ഷ:

12.12.2019 മുതൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കുന്നു, വിവാഹമോചിതയാണ്. പുനർ വിവാഹം ചെയ്തിട്ടില്ല. ആയതിനാൽ ഒരേ സ്ഥാപനത്തിൽ 5 വർഷം

സംരക്ഷണം ഉണ്ട്. ഒരേ സ്ഥാപനത്തിൽ തുടരുവാൻ അപേക്ഷ നൽകാനുള്ള ഓപ്ഷൻ ഇല്ലാത്തതിനാൽ വാസസ്ഥലമായ നീണ്ടകരക്ക് സമീപമുള്ള സ്റ്റേഷനിലേയ്ക്ക് അപേക്ഷിച്ചു. കരട് പട്ടികയിൽ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഉൾപ്പെടുത്തിയെങ്കിലും, അന്തിമ ഉത്തരവിൽ ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. വളരെയധികം ആരോഗ്യ പ്രശ്നങ്ങളുണ്ട്. ആയതിനാൽ ശാസ്താംകോട്ട നിലനിറുത്തുകയോ, നീണ്ടകരക്ക് സമീപമുള്ള സ്റ്റേഷനുകളിൽ നിയമിക്കുകയോ ചെയ്യണം.

4) കമ്മിറ്റി ടി വിഷയം പരിശോധിക്കുകയുണ്ടായി. 2023 പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷക 18 സ്ഥാപനങ്ങളിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനം നൽകിയിരിക്കുന്നത്/ജോലിചെയ്തു വരുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ടിയാളെക്കാൾ കൂടുതൽ അർഹതയുള്ളവരോ അല്ലെങ്കിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥാപനത്തിൽ നിശ്ചിതകാലയളവ് പൂർത്തിയാക്കാത്തവരോ ആണ്. ആയതിനാൽ അപേക്ഷകയുടെ അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് കൊണ്ട് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഷാരോൺ എസ്. ജോൺ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1052/2023-നേലുള്ള 21.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം / ഇടുക്കി.
Dr.Sharon S. John, Junior Consultant (O&G), "Peace House", Neendakara P.O., Kollam - 691 582.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 21-10-2023 14:35:40

മേലെഴുത്ത് നം. ഇ.ഓ - 5160/2023/ആ.വ.ഡ, തീയതി 25/10/23.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.